**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- ഭക്ഷ്യസുരക്ഷാകമ്മീഷണറേറ്റ്-നിയമസഭാ നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഫുഡ്സേഫ്റ്റി സർക്കിളുകൾ പുനഃസംഘടിപ്പിച്ചത് - സാധുകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (ഇ) വകുപ്പ്**

സ.ഉ (കൈ ) നം.29/2016/ആ.കു. വ. തീയതി, തിരുവനന്തപുരം 02/02/2016.

പരാമർശം :
1. 13-ാം കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ (2011-14)11-ാമത് റിപ്പോർട്ട്
2. ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ 27.04.13 ലെ ഡി- 2144/11/സി.എഫ്.എസ് നമ്പർ ഉത്തരവ്
3. ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ 22.01.16 ലെ ഡി- 2144/11/സി.എഫ്.എസ് നമ്പർ കത്ത്.

**ഉത്തരവ്**

പതിമൂന്നാമത് കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-14) പതിനൊന്നാമത് റിപ്പോർട്ടിൽ ഓരോ നിയമസഭാ നിയോജക മണ്ഡലങ്ങളിലും ഒരോ ഫുഡ്സേഫ്റ്റി ഓഫീസർ എന്ന നിലയ്ക്ക് നിലവിലുള്ള അധികാരപരിധി പുതുക്കി നിശ്ചയിക്കണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നു. ടി ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന 60 ഫുഡ്സേഫ്റ്റി സർക്കിളുകൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിച്ച് 140 ഫുഡ്സേഫ്റ്റി സർക്കിളുകളായി ഉയർത്തി ഭക്ഷ്യസുരക്ഷാ കമ്മീഷണർ പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഫുഡ്സേഫ്റ്റി സർക്കിൾ ഓഫീസുകൾ പുനഃസംഘടിപ്പിച്ച കമ്മീഷണറുടെ നടപടി സാധുകരിച്ച് നൽകണമെന്ന് പരാമർശം (3) കത്ത് പ്രകാരം ഭക്ഷ്യസുരക്ഷാ കമ്മീഷണർ സർക്കാരിലേക്ക് ആവശ്യപ്പെട്ടിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് 2006 ലെ വ്യവസ്ഥകൾ സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിയമസഭാ സമിതിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന 60 ഫുഡ്സേഫ്റ്റി സർക്കിൾ ഓഫീസുകൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിച്ച് പുതിയതായി 80 ഫുഡ്സേഫ്റ്റി സർക്കിളുകൾ കൂടി രൂപീകരിച്ച് സംസ്ഥാനത്തെ ഫുഡ്സേഫ്റ്റി സർക്കിളുകൾ 140 ആക്കി ഉയർത്തിയ പരാമർശം (2) പ്രകാരമുള്ള ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നടപടിയ്ക്ക് സാധുകരണം നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.എസ്.സുധ**
**ഡെപ്യൂട്ടി സെക്രട്ടറി**

ഫുഡ് സേഫ്റ്റി കമ്മീഷണർ, തിരുവനന്തപുരം,
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
കരുതൽ ശേഖരം/കാര്യാലയ പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ